## *ബി.ബി.സി*യുടെ ഇസ്രയേൽ പ്രേമം

ഒരു കാലത്ത് ബ്രിട്ടീഷ് രാഷ്ട്രീയ-സാംസ്കാരിക ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നായിരുന്നു ബി. ബി.സി എന്ന മൂന്നക്ഷരം. ഏറക്കുറെ സ്വതന്ത്രമായിരുന്നതുകൊണ്ട് ഭരണകൂട നയങ്ങളെ ഒരു പരിധിവരെ സത്യസന്ധമായി നിരൂപണം ചെയ്യാൻ ഈ വാർത്താ ഏജൻസിക്ക് സാധിച്ചിരുന്നു. അത് പഴയ കഥ. ഗൾഫ്യുദ്ധത്തോടെയാണ് *ബി.ബി.സി*യുടെ നിറംമാറിത്തുടങ്ങിയത്. *അൽജസീറ* ചാനൽ ഗൾഫ്യുദ്ധത്തിന്റെ നേർചിത്രങ്ങൾ ജനങ്ങളിലെത്തിച്ചുകൊണ്ടിരുന്നപ്പോൾ *ബി.ബി.സി, സി.എൻ.എൻ* എന്ന വലതുപക്ഷ അമേരിക്കൻ ചാനലിനോടൊപ്പം ഒത്തുകളിച്ച് പല യുദ്ധഭീകരതകളും മറച്ചുവെച്ചു.




*ബി.ബി.സി*യുടെ ഇസ്രയേൽ പ്രേമവും പക്ഷപാതിത്വ നിലപാടും പച്ചയായി പ്രകടമായത്, ഗസ്സക്ക് മേൽ ഇസ്രയേൽ കടന്നാക്രമണം നടത്തിയപ്പോഴാണ്. ഗസ്സയിൽ എന്തു നടക്കുന്നു എന്നറിയാൻ *ചാനൽ ഫോറും അൽജസീറ*യും തുറന്നുവെക്കേണ്ടിവന്നു ബ്രിട്ടീഷുകാർക്ക്. സിവിലിയന്മാരെ നിഷ്ഠുരം കൊന്നൊടുക്കിയിട്ടും, കടുത്ത വാക്കുകൾ ഒന്നും വന്നുപോകാതിരിക്കാൻ *ബി.ബി.സി* വാർത്താവതാരകർ ശ്രദ്ധിച്ചു. ഏറ്റവുമൊടുവിൽ ജനുവരി 26-ന് ഗസ്സയിലെ ജനങ്ങളെ സഹായിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ബ്രിട്ടീഷ് പൗരസഞ്ചയം ഒരു സഹായാഭ്യർഥന ചാനലുകൾക്ക് നൽകി. *ഐ.ടി.വി*യും *ചാനൽ ഫോറും ഫൈവു*മെല്ലാം അത് സംപ്രേഷണം ചെയ്തു. *ബി.ബി.സി* സംപ്രേഷണം ചെയ്തില്ല.

*ബി.ബി.സി*യുടെ ഇസ്രയേൽപക്ഷപാത നിലപാടുകൾക്കെതിരെ പ്രതിഷേധ പ്രകടനങ്ങൾ നടന്നു. ഒരു പ്ലക്കാർഡിൽ *ബി.ബി.സി* എന്ന ചുരുക്കപ്പേരിനെ ഇങ്ങനെ പരത്തിപ്പറയുകയും ചെയ്തിരുന്നു: Biased, Bigotted, Cowardly (പക്ഷപാതിത്വം, മർക്കടമുഷ്ടി, ഭീരുത്വം). നിസ്സഹായരായ ഫലസ്ത്വീനികൾക്ക് വേണ്ടിയുള്ള സഹായാഭ്യർഥന സംപ്രേഷണംചെയ്യാത്തതിൽ പ്രതിഷേധിച്ച് ബ്രിട്ടീഷ് കലാകാരന്മാരുടെ ഒരു സംഘം *ബി.ബി.സി* ഡയറക്ടർ ജനറൽ മാർക് തോംസണ് തുറന്ന കത്തെഴുതുകയുണ്ടായി. അപമാനകരമായ ഈ നിലപാടിൽനിന്ന് പിന്മാറാത്തപക്ഷം തങ്ങൾ *ബി.ബി.സി*യുടെ ഒരു പരിപാടിയുമായും സഹകരിക്കില്ലെന്ന് അവർ മുന്നറിയിപ്പ് നൽകി. *ബി.ബി.സി*യുടെ പ്രമുഖ നടന്മാരായ ടാം ഡീൻ ബേൺ, പീറ്റർ മുള്ളൻ, അലിസൺ പീബ്ൾസ്, എഴുത്തുകാരനായ പോളിൻ ഗോൾഡ്സ്മിത്ത് തുടങ്ങിയവർ കത്തിൽ ഒപ്പുവെച്ചവരിൽ പെടും. ബ്രിട്ടനിലെ വിവിധ പാർട്ടിക്കാരായ നൂറ് എം.പിമാരും *ബി.ബി.സി*യുടെ ഇസ്രയേൽ വിധേയത്വത്തിനെതിരെ രംഗത്തുവന്നു. വ്യാപകമായ പ്രതിഷേധം ഉയർന്നതിനെ തുടർന്ന് പ്രതിരോധത്തിലായ ഈ വാർത്താ ചാനൽ തങ്ങളുടെ തീരുമാനത്തെക്കുറിച്ച് പുനരാലോചന നടത്താൻ നിർബന്ധിതമായിരിക്കുകയാണ്. ■

## എത്യോപ്യൻ സൈന്യം പിൻവാങ്ങിയാലും വെടിയൊച്ച നിലക്കില്ല

**എത്യോപ്യൻ** സൈന്യം പിൻവാങ്ങുന്നതോടെ സോമാലിയയിൽ സമാധാനാന്തരീക്ഷമുണ്ടാവുമെന്ന പ്രതീക്ഷക്ക് തിരിച്ചടി. പേരിനു മാത്രം നിലനിൽക്കുന്ന താൽക്കാലിക ഭരണകൂടവും, മുഖ്യ പ്രതിപക്ഷ മുന്നണിയായ ശൈഖ് ശരീഫ് അഹ്മദ് നേതൃത്വം നൽകുന്ന റി-ലിബറേഷൻ ഓഫ് സോമാലിയയും തമ്മിലുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിലാണ് എത്യോപ്യൻ സൈന്യത്തിന്റെ പിൻവാങ്ങൽ. സോമാലിയയിലെ ഇസ്ലാമിക് കോർട്സിന്റെ ഭരണം തകർക്കുന്നതിനു വേണ്ടി അമേരിക്കൻ പിന്തുണയോടെ എത്യോപ്യൻ സൈന്യം 2006ലാണ് സോമാലിയയിൽ കടന്നത്. എന്നാൽ ശരീഫ് അഹ്മദുമായി തെറ്റിപ്പിരിഞ്ഞ അശ്ശബാബ് എന്ന സംഘടന താൽക്കാലിക ഗവൺമെന്റുമായുണ്ടാക്കിയ കരാർ അംഗീകരിക്കില്ലെന്നും റി-ലിബറേഷൻ കൈയടക്കിവെച്ച പ്രദേശങ്ങൾ ആക്രമിക്കുമെന്നും ഭീഷണിപ്പെടുത്തിയിട്ടുണ്ട്.



"രാഷ്ട്രീയപ്രതിസന്ധി കൂടുതൽ സങ്കീർണമാവുകയാണ്" -രാഷ്ട്രീയ നിരീക്ഷകനായ മുഹമ്മദ് ദുൽഅ്ലെ പറഞ്ഞു. "ചില പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്. പക്ഷേ, സമാധാനം ഉണ്ടാകുമെന്നതിന് യാതൊരു ഉറപ്പും ഇല്ല." യു.എൻ സമാധാനസേനയെയും ആക്രമിക്കുമെന്നാണ് അശ്ശബാബിന്റെ ഭീഷണി. സൈനികശക്തിയും ആൾബലവുമുള്ള ഈ വിഭാഗം സമാധാനക്കരാറുകളിൽ ഒപ്പുവെക്കാതെ മാറിനിൽക്കുകയാണ്. തന്ത്രപ്രധാനമായ പ്രദേശങ്ങൾ വരുതിയിലാക്കാനും അവർ ശ്രമം തുടങ്ങിയിട്ടുണ്ട്. ഇത് ഇസ്ലാമിക ഗ്രൂപ്പുകൾ തമ്മിലുള്ള പോരിന് കളമൊരുക്കുമോ എന്ന ആശങ്ക ഉയർത്തുന്നുണ്ട്. ■